# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2598

12.03.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങളും അതുമൂലം സംസ്ഥാനങ്ങളിൽ ഉണ്ടായ നേട്ടങ്ങളും നിലവാരം ഉയർത്താനുള്ള നടപടികളും സംബന്ധിച്ച് കേന്ദ്രസർക്കാരോ കേന്ദ്ര ഏജൻസികളോ മറ്റു സ്ഥാപനങ്ങളോ 2015-16, 2016-17, 2017-18 വർഷങ്ങളിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. 2015-16, 2016-17, 2017-18 വർഷങ്ങളിൽ 10-ാം ക്ലാസ്സിൽ ദേശീയ പഠനനേട്ട സർവ്വേ നടത്തിയിട്ടുണ്ട്. ഇതിൽ 2017-18 വർഷത്തേത് 2018 ഫെബ്രുവരി 5ന് നടന്നു. ഇതിന്റെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഏജൻസികളുടെ കണക്കുകൾ പ്രകാരം ഓരോ റിപ്പോർട്ടുകളിലും കേരളം എത്രാം സ്ഥാനത്താണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) 2015-ൽ സംസ്ഥാന റിപ്പോർട്ട് കാർഡ് ആണ് ലഭ്യമാക്കിയിരുന്നതെങ്കിൽ 2017-ൽ ജില്ലാ റിപ്പോർട്ട് കാർഡാണ് ലഭ്യമാക്കിയിരിക്കുന്നത്. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങൾ തമ്മിലുള്ള താരതമ്യം ലഭ്യമല്ലാത്തതിനാൽ കേരളം എത്രാം സ്ഥാനത്താണെന്ന് പറയുവാൻ സാധ്യമല്ല. |
| (സി) ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുന്നതിനും അക്കാദമിക | (സി) പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനും അക്കാഡമിക മികവ് ഉയർത്തുന്നതിനും കണക്ക്/സയൻസ്/ഭാഷകൾ ഉൾപ്പെടെ |

മികവ് ഉയർത്തുന്നതിനും കണക്ക്/സയൻസ്/ഭാഷകൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ കുഞ്ഞുകുട്ടികൾ മുതലുള്ള വിദ്യാർത്ഥികൾ നിശ്ചിത നിലവാരം ആർജ്ജിക്കുന്നതിനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ?

വിവിധ വിഷയങ്ങളിൽ കുഞ്ഞുകുട്ടികൾ മുതലുള്ള വിദ്യാർത്ഥികൾ നിശ്ചിത നിലവാരം ആർജ്ജിക്കുന്നതിന് നിരന്തര വിലയിരുത്തൽ സംവിധാനത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു.

കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്ത് നവീകരിക്കുന്നു. ഡിജിറ്റൽ സാമഗ്രികളും ചോദ്യശേഖരവും ഉൾപ്പെട്ട 'സമഗ്ര' പോർട്ടൽ വികസിപ്പിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത് അന്തിമ ഘട്ടത്തിലാണ്.

പരിസ്ഥിതി വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണി വിദ്യാഭ്യാസത്തിനും പ്രത്യേക ഊന്നൽ നൽകിവരുന്നു.

അവധിക്കാല പരിശീലനം ഏർപ്പെടുത്തി അദ്ധ്യാപകരെ സുസജ്ജരാക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ അക്കാദമിക മികവിന്റെ ഭാഗമായി കണക്കിന് ഗണിത വിജയം, സയൻസിന് ലിറ്റിൽ ഗലീലിയോ, ഭാഷാ വികസനത്തിനായി സുരീലി ഹിന്ദി, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'നവപ്രഭ', 'ശ്രദ്ധ' തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ